## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 501. 06.02.2013 ൽ മറുപടിയ്ക്ക്

ഓട്ടോറിക്ഷകൾക്ക് ഡിജിറ്റൽ മീറ്ററുകൾ

| ചോദ്യം<br><br>ശ്രീ. പി. തിലോത്തമൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും<br>വകുപ്പുമന്ത്രി |
|---|---|---|
| (എ) ഓട്ടോറിക്ഷകൾക്ക് കേരളത്തിൽ എല്ലായിടത്തും ഡിജിറ്റൽ മീറ്ററുകൾ നിർബന്ധമാക്കിയിട്ടുണ്ടോ; ഡിജിറ്റൽ മീറ്ററുകൾ ഉപയോഗിക്കുന്നതിൽ നിന്നും ഏതെങ്കിലും പ്രദേശത്തെ ഓട്ടോ റിക്ഷകളെ ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (എ) | 15.03.2003 ലെ ജി.ഒ.(എം.എസ്) നം.09/2003/ട്രാൻ ഉത്തരവ് അനുസരിച്ച് 01/04/2004 ന ശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന എല്ലാ ഓട്ടോറിക്ഷകളിലും ഡിജിറ്റൽ ഫെയർ മീറ്റർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ 01/04/2004 ന് മുൻപ് രജിസ്റ്റർ ചെയ്ത ഓട്ടോറിക്ഷകൾക്ക് ഡിജിറ്റൽ ഫെയർ മീറ്റർ ബാധകമാക്കിയിട്ടില്ല. |
| (ബി) ചേർത്തല ജോയിന്റ് ആർ.ടി.ഒ. ഓഫീസിൽ നിന്നും പ്രതിമാസം എത്ര ഡ്രൈവിംഗ് ലേണേഴ്സ് ടെസ്റ്റുകൾ നടക്കുന്നു എന്നു പറയാമോ; | (ബി) | ശരാശരി 1000 |
| (സി) ഇത്തരം ടെസ്റ്റുകൾക്ക് ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകൾ പ്രതിദിനം എത്ര പേരെ വീതം ടെസ്റ്റ് ചെയ്യുന്നതിന് ഉപയോഗിക്കാമെന്നു പറയാമോ ; | (സി) | 50 |
| (ഡി) ലേണേഴ്സ് ലൈസൻസ് എടുക്കുന്നതിനുള്ള ടെസ്റ്റ് നടത്തുന്നതിനാവശ്യമായ കമ്പ്യൂട്ടറുകൾ ചേർത്തലയിലെ ജോയിന്റ് ആർ.ടി. ഒ. ഓഫീസിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |
| (ഇ) എങ്കിൽ ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ചേർത്തല ജോയിന്റ് ആർ.ടി.ഒ. ഓഫീസിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.